# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.683** **29.11.2018-ൽ മറുപടിക്ക്**

ആലപ്പാട്ട് പ്രദേശത്ത് നിരന്തരമുണ്ടാകുന്ന വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും

| | ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട്ട് പ്രദേശത്ത് നിരന്തരമുണ്ടാകുന്ന വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | നിരന്തരമായ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സബ്സ്റ്റേഷന്റെയും ലൈനുകളുടെയും അറ്റകുറ്റപ്പണികൾക്കും വൈദ്യുതി ലൈനുകളിൽ തട്ടി നിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ടും മുൻകൂട്ടി അറിയിച്ച് വൈദ്യുതി വിതരണം നിശ്ചിത സമയത്തേക്ക് നിർത്തിവയ്ക്കാറുണ്ട്. |
| (ബി) | ഈ പ്രദേശം രണ്ട് ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ പ്രവർത്തിക്കുന്നതിനാൽ ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നുണ്ട്. |
| (സി) | ഈ പ്രദേശത്തിന്റെ വൈദ്യുതി ഉപഭോഗവും ഉപഭോക്താക്കളുടെ ബാഹുല്യവും കണക്കിലെടുത്ത് ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ആലപ്പാട്ട് പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നത് കരുനാഗപ്പള്ളി 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ഓച്ചിറ 33 കെ.വി. സബ്സ്റ്റേഷനിൽ നിന്നുമാണ്. ഓച്ചിറ സബ്സ്റ്റേഷൻ 110 കെ.വി. യിലേയ്ക്ക് ഉയർത്താനുള്ള പദ്ധതി ട്രാൻസ് ഗ്രിഡിൽ down stream work- ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കരുനാഗപ്പള്ളി സബ്സ്റ്റേഷൻ 110 കെ.വി. യിലേയ്ക്ക് ഉയർത്തുന്ന ജോലികൾ പുരോഗമിക്കുന്നു. ഈ സാഹചര്യത്തിൽ ഇപ്പോൾ ആലപ്പാട് പ്രദേശത്ത് പുതിയ സബ് സ്റ്റേഷൻ ആവശ്യമായി വരുന്നില്ല. |

സെക്ഷൻ ഓഫീസർ